"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ - ജീവനക്കാര്യം - പത്തനംതിട്ട സീതത്തോട് കെ.ആർ.പി.എം. ഹയർ സെക്കൻഡറി സ്കൂളിലെ എച്ച്.എസ്.റ്റി. (പി.എസ്) ശ്രീമതി സിബിൾ സെബാസ്റ്റ്യന്റെയും എച്ച്.എസ്.റ്റി. (ഗണിതം) ശ്രീമതി ഹിമാ നായരും ചേർന്ന് സമർപ്പിച്ച റിവിഷൻ ഹർജി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.5002/2026/GEDN    തീയതി,തിരുവനന്തപുരം, 27-07-2026

---

പരാമർശം:-
1. ശ്രീമതി സിബിൾ സെബാസ്റ്റ്യനും ശ്രീമതി ഹിമാ നായരും ചേർന്ന് സമർപ്പിച്ച 28.03.2025-ലെ റിവിഷൻ ഹർജി.
2. പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 16.05.2025 ലെ DEOPTA/684/2025-B5 നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23.05.2025 ലെ ഇ.റ്റി.3/9286/2025/ഡി.ജി.ഇ. നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട സീതത്തോട് കെ.ആർ.പി.എം. ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.റ്റി. (ഫിസിക്കൽ സയൻസ്) ശ്രീമതി സിബിൾ സെബാസ്റ്റ്യനും എച്ച്.എസ്.റ്റി. (ഗണിതം) ശ്രീമതി ഹിമാ നായരും ചേർന്ന് സമർപ്പിച്ച റിവിഷൻ ഹർജിയിന്മേൽ 29/05/2025 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖാന്തിരം വാദം കേൾക്കുകയുണ്ടായി.

2.പത്തനംതിട്ട സീതത്തോട് കെ.ആർ.പി.എം. ഹയർ സെക്കന്ററി സ്കൂളിലെ മാനേജർ ചുവടെപ്പറയും പ്രകാരം കാര്യങ്ങൾ ബോധിപ്പിച്ചു.

പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ അധികാര പരിധിയിലുള്ള സീതത്തോട് കെ.ആർ.പി.എം. ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.റ്റി. (ഫിസിക്കൽ സയൻസ്) ആയിരുന്ന ശ്രീമതി ശ്രീലത കെ 31/05/2024 ൽ സർവ്വീസിൽ നിന്ന് വിരമിച്ചതുമൂലമുണ്ടായ വേക്കൻസിയിൽ ഒന്നാം കക്ഷിയായ ശ്രീമതി.സിബിൾ സെബാസ്റ്റ്യനെ 23/10/2024 തീയതി പ്രാബല്യത്തിൽ നിയമിച്ചിരുന്നു. ടിയാളുടെ നിയമനത്തിന് 14/02/2025 തീയതിയിലെ ബി5/793822/24 നമ്പർ ഉത്തരവ് പ്രകാരം താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമനാംഗീകാരം ലഭിച്ചിരുന്നു. രണ്ടാം കക്ഷി ശ്രീമതി ഹിമ നായരെ ടി സ്കൂളിലെ എച്ച്.എസ്.റ്റി. (ഗണിതം) ആയിരുന്ന ശ്രീമതി പി.എൻ. സുഷമാദേവി 31/03/2024 ൽ വിരമിച്ചതുമൂലമുണ്ടായ വേക്കൻസിയിൽ 03/06/2024 മുതൽ നിയമിക്കുകയും ടി നിയമനത്തിന് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 04/01/2025 തീയതിയിലെ ബി5/734919/2024 നമ്പർ ഉത്തരവ് പ്രകാരം ഭിന്നശേഷി സംവരണ നിയമനത്തിന് വിധേയമായി താൽക്കാലികമായി

ദിവസവേതനാടിസ്ഥാനത്തിൽ നിയമനാംഗീകാരം ലഭിച്ചിരുന്നു.

ഒന്നും രണ്ടും കക്ഷികളുടെ ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനാംഗീകാരം പുന:പരിശോധിച്ച് അതത് തസ്തികകളിൽ സ്ഥിരപ്പെടുത്തി അംഗീകാരം നൽകണമെന്നതാണ് റിവിഷൻ ഹർജിയിലെ ആവശ്യം.

ടി സ്കൂളിലെ ഭിന്നശേഷി സംവരണ നിയമനത്തിനായുള്ള റോസ്റ്റർ സമർപ്പിച്ചിട്ടുള്ളതും ഹൈസ്കൂൾ വിഭാഗത്തിൽ 2018 മുതലുണ്ടായ ആദ്യ ഒഴിവിൽ [എച്ച്.എസ്.റ്റി. (മ്യൂസിക്)] റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസിൽ നിന്ന് ലഭിച്ച ലിസ്റ്റ് പ്രകാരം ശ്രീമതി.അഞ്ജലി ജി. യെ 03/07/2024 മുതൽ നിയമിക്കുകയും ചെയ്തിട്ടുള്ളതാണ്. അതുപോലെ തന്നെ പ്രൈമറി വിഭാഗത്തിൽ 2018-ന് ശേഷം ലഭ്യമായ വേക്കൻസിയിൽ 15/07/2021 മുതൽ ശ്രീമതി മനീഷ നായർ നെ നിയമിക്കുകയും ടി നിയമനത്തിന് ഭിന്നശേഷി സംവരണ നിയമനത്തിന് വിധേയമാക്കി ശമ്പള സ്കെയിലിൽ പ്രൊവിഷണലായും ശ്രീമതി ആർ.രാജലക്ഷ്മി, യു.പി.എസ്.റ്റി 31/05/2024 ൽ വിരമിച്ചതുമൂലമുണ്ടായ വേക്കൻസിയിൽ ശ്രീമതി രമ്യ അരവിന്ദിനെയും 03/06/2024 മുതൽ നിയമിച്ചിട്ടുള്ളതും ടി നിയമനത്തിനും ഭിന്നശേഷി സംവരണ നിയമനത്തിനു വിധേയമായി താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്. ഇതിനു പുറമേ ടി സ്കൂളിലെ യു.പി.എസ്.റ്റി. ശ്രീ.റ്റി.ആർ.സുനിൽ 31/05/2025 ൽ വിരമിച്ചതുമൂലം 02/06/2025 മുതൽ യു.പി.എസ്.റ്റി. തസ്തികയിൽ ഒഴിവ് വരുകയുണ്ടായി. യു.പി.എസ്.റ്റി. തസ്തികയിൽ ഭിന്നശേഷി നിയമനത്തിനായുള്ള റോസ്റ്റർ സമർപ്പിച്ചിട്ടുള്ളതും ഭിന്നശേഷി ഉദ്യോഗാർത്ഥിയെ ലഭിക്കുന്ന മുറയ്ക്ക് നിയമനാനുസൃതം നിയമനം നൽകുന്നതിന് വേക്കൻസി ലഭ്യമായിട്ടുള്ളതും നിയമനം നടത്തുന്നതിൽ തടസ്സമില്ലാത്തതുമാണ്. അനദ്ധ്യാപക തസ്തികയിൽ ഭിന്നശേഷി നിയമനത്തിനായുള്ള വേക്കൻസി 18/11/2018 മുതൽ ലഭ്യമായിട്ടില്ല.

മേൽ വിവരിച്ച പ്രകാരം ഭിന്നശേഷി സംവരണ നിയമനത്തിനായുള്ള റോസ്റ്റർ സമർപ്പിച്ചിട്ടുള്ളതിനാലും ഹൈസ്കൂൾ വിഭാഗത്തിൽ ഭിന്നശേഷി ഉദ്യോഗാർത്ഥിയെ നിയമിച്ചിട്ടുള്ളതിനാലും പ്രൈമറി വിഭാഗത്തിൽ ഭിന്നശേഷി ഉദ്യോഗാർത്ഥിയെ നിയമിക്കുന്നതിനായുള്ള ഒഴിവ് നിലനിൽക്കുന്നതിനാലും SLP(C)No.11373/2024 കേസിന്മേലുള്ള ബഹു. സുപ്രീം കോടതിയുടെ 04/03/2025-ലെ വിധിന്യായം, 24/03/2023 തീയതിയിലെ സ.ഉ.(കൈ)നം.29/2023/പൊ.വി.വ. നമ്പർ ഉത്തരവ്, 01/04/2025 തീയതിയതിലെ ജെ.ആർ1/547/2024/പൊ.വി.വ. നമ്പർ ഉത്തരവ് എന്നിവയിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരുടെ നിയമനങ്ങൾക്ക് റഗുലറായി നിയമനാംഗീകാരം നൽകാവുന്നതാണ്.

3.വിദ്യാഭ്യാസ ഓഫീസർമാരുടെ വാദങ്ങൾ താഴെ പറയും പ്രകാരമാണ്.

കെ.ആർ.പി.എം.എച്ച്.എസ്. സീതത്തോട് സ്കൂളിലെ ശ്രീമതി.സിബിൾ സെബാസ്റ്റ്യന്റെ 23/10/2024 മുതലുള്ള എച്ച്.എസ്.റ്റി. (ഫിസിക്കൽ സയൻസ്) നിയമനവും ശ്രീമതി ഹിമ നായരുടെ 03/06/2024 മുതലുള്ള എച്ച്.എസ്.റ്റി. (ഗണിതം) തസ്തികയിലുള്ള നിയമനവും സർക്കാരിന്റെ 01/11/2023 തീയതിയിലെ ജെ.ആർ1/1/502/2023/പൊവിവ കത്ത് പ്രകാരം ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്നിടം വരെ പരിമിതപ്പെടുത്തി ദിവസവേതനാടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച നൽകിയിരുന്നു.

01/11/2023-ലെ ജെ.ആർ1/502/2023 നമ്പർ സർക്കാർ കത്ത് പ്രകാരം 18/11/2018-നും

08/11/2021 നും ഇടയ്ക്കുണ്ടായ ഒഴിവുകളിൽ നിയമിക്കപ്പെട്ടവരിൽ ഇനിയും അംഗീകാരം നൽകാത്തവർക്ക് മാനേജർമാർ സമർപ്പിക്കുന്ന റോസ്റ്ററിലെ അപാകതയോ റോസ്റ്റർ സമർപ്പിക്കുന്നതിലെ വീഴ്ചയോ തടസ്സമാക്കാതെ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതിയിലും ബഹു. ഹൈക്കോടതിയിലും നിലവിലുള്ള കേസുകളിലെ അന്തിമ വിധിക്കു വിധേയമായി മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ ശമ്പള സ്കെയിലിൽ പ്രൊവിഷണലായും 08/11/2021-ന് ശേഷമുള്ള ഒഴിവുകളിൽ നിയമിതരായവർക്ക് ദിവസവേതന വ്യവസ്ഥയിലും അംഗീകാരം നൽകുന്നതിന് ഉത്തരവായിട്ടുള്ളതാണ്.

കെ.ആർ.പി.എം.എച്ച്.എസ്. സീതത്തോട് സ്കൂളിൽ 2018-19 വർഷം അനുവദിച്ച സംഗീത അദ്ധ്യാപികയുടെ അധിക തസ്തിക (കാറ്റഗറി 2 വിഭാഗത്തിൽ) മാനേജർ ഭിന്നശേഷി നിയമനത്തിനായി മാറ്റിവെക്കുകയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഓഫീസിൽ റിക്വിസിഷൻ നൽകുകയും ചെയ്തിട്ടുള്ളതാണ്. ടി തസ്തികയിലേക്ക് മാനേജർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ശ്രീമതി.അഞ്ജലി ജി. എന്ന ഭിന്നശേഷി ഉദ്യോഗാർത്ഥിയെ 03/07/2024 മുതൽ നിയമിക്കുകയുണ്ടായി. 10/09/2024 - ലെ സർക്കാർ സർക്കുലർ നം.GE-JR1/304/2024/പൊവിവ പ്രകാരം ഒരു റിക്രൂട്ട്മെന്റ് വർഷത്തിൽ റിക്വിസിഷനുകൾ സമർപ്പിച്ചതിന് ശേഷം യോഗ്യതയുള്ള ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ ഇല്ലെങ്കിൽ Non Availability Certificate നൽകേണ്ടതും അതിന് ശേഷം യോഗ്യരായ ഉദ്യോഗാർത്ഥികളെ അപേക്ഷ ക്ഷണിച്ചുകൊണ്ട് പത്രപരസ്യം നൽകേണ്ടതുമാണ്. മേൽ നടപടിക്ക് ശേഷവും യോഗ്യതയുള്ള ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ ലഭ്യമായില്ലെങ്കിൽ, പ്രസ്തുത ഒഴിവ് അടുത്ത റിക്രൂട്ട്മെന്റ് വർഷത്തിലേക്ക് മാറ്റിവെയ്ക്കേണ്ടതും അതേ ഭിന്നശേഷി വിഭാഗത്തിനായി തന്നെ ടി ഒഴിവ് സംവരണം ചെയ്തുകൊണ്ട് റിക്വിസിഷനുകൾ സമർപ്പിക്കേണ്ടതുമാണ്. ടി ഭിന്നശേഷി വിഭാഗത്തിൽ ഉദ്യോഗാർത്ഥിയെ ലഭ്യമായില്ലെങ്കിൽ ഭിന്നശേഷി സംവരണ പ്രകാരമുള്ള മറ്റ് അഞ്ച് വിഭാഗങ്ങളിൽ നിന്നും ക്രമാനുസരണമാണ് ഉദ്യോഗാർത്ഥിയെ തെരഞ്ഞെടുക്കേണ്ടത്. ടി സ്കൂളിൽ ഭിന്നശേഷിയെ നിയമിച്ചിട്ടുള്ളത് Locomoter Disability വിഭാഗത്തിൽപ്പെട്ട ആളെയാണ്. എന്നാൽ കാഴ്ചപരിമിതർ, ശ്രവണ പരിമിതർ, അംഗ വൈകല്യമുള്ളവർ എന്നീ വിഭാഗങ്ങളെ പരിഗണിച്ചതിന് ശേഷമേ Locomoter Disability പരിഗണിക്കാൻ കഴിയുകയുള്ളൂ. എന്നാൽ ഈ വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾ ഇല്ലെന്നുള്ള Non Availability Certificate മാനേജർ സമർപ്പിച്ചിട്ടില്ല. കൂടാതെ 10/09/2024 - ലെ സർക്കാർ സർക്കുലർ നം.GE-JR1/304/2024/പൊവിവ പ്രകാരമുള്ള നടപടികൾ ഒന്നും സ്വീകരിച്ചതായി കാണുന്നില്ല എന്നീ കാരണങ്ങളാൽ ശ്രീമതി അഞ്ജലി ജി.-യുടെ നിയമനം പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്ന് നിരസിച്ചിരുന്നു.

മാനേജർ ഭിന്നശേഷിക്കായി മാറ്റിവച്ച ടി സംഗീത അദ്ധ്യാപിക തസ്തികയിലെ നിയമനം അംഗീകരിക്കുന്ന മുറക്ക് മാത്രമേ കാറ്റഗറി 2 വിഭാഗത്തിലെ ഭിന്നശേഷി വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പ്രൊവിഷണലായി നിയമനം ലഭിച്ചവരുടെ നിയമനം റഗുലറൈസ് ചെയ്യാൻ സാധിക്കുകയുള്ളൂ. ആയത് പ്രകാരം എച്ച്.എസ്.റ്റി. (ഫിസിക്കൽ സയൻസ്) ശ്രീമതി സിബിൾ സെബാസ്റ്റ്യന്റെയും എച്ച്.എസ്.റ്റി. (ഗണിതം) ശ്രീമതി ഹിമ നായരുടെയും നിയമനം റഗുലറൈസ് ചെയ്യാൻ കാറ്റഗറി 2 വിഭാഗത്തിലെ ഭിന്നശേഷി നിയമനം അംഗീകരിക്കേണ്ടതുണ്ട്.

നായർ സർവ്വീസ് സൊസൈറ്റി ഭിന്നശേഷി സംവരണം നിയമം പാലിക്കുന്നത് സംബന്ധിച്ച് ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്ത SLP(C)No.11373/2024 ന്റെ

വിവരങ്ങൾ മാനേജർ റിവിഷൻ ഹർജിയിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ കേസിന്മേലുള്ള 04/03/2025 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച 17/03/2025 - ലെ ജി.ഒ.(എം.എസ്)നം.43/2025 നമ്പർ ഉത്തരവ് നായർ സർവ്വീസ് സൊസൈറ്റിയുടെ കീഴിലുള്ള സ്കൂളുകൾക്ക് വേണ്ടി മാത്രം ഉള്ളതാണ്. ഇത് ഒരു പൊതുവായ ഉത്തരവല്ല. മേൽ സാഹചര്യത്തിൽ കെ.ആർ.പി.എം.എച്ച്.എസ്. സീതത്തോട് സ്കൂളിൽ കാറ്റഗറി II വിഭാഗത്തിൽ ഭിന്നശേഷി ഉദ്യോഗാർത്ഥിയുടെ നിയമനം അംഗീകരിക്കുന്ന മുറയ്ക്ക് ഹൈസ്കൂൾ അദ്ധ്യാപകരുടെ പ്രൊവിഷണൽ നിയമനം റഗുലറൈസ് ചെയ്യാവുന്നതാണ്.

4. സർക്കാർ ഈ വിഷയം ഹിയറിംഗ് സമയത്തെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പത്തനംതിട്ട സീതത്തോട് കെ.ആർ.പി.എം. ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.റ്റി. (ഫിസിക്കൽ സയൻസ്) ആയിരുന്ന ശ്രീമതി ശ്രീലത കെ. സർവ്വീസിൽ നിന്നും വിരമിക്കുമ്പോൾ ഉണ്ടായ വേക്കൻസിയിൽ ഒന്നാം കക്ഷിയായ ശ്രീമതി.സിബിൾ സെബാസ്റ്റ്യനെ 23/10/2024 തീയതി നിയമിച്ച് താല്ക്കാലിക ദിവസവേതനാടിസ്ഥാനത്തിൽ നിയമനാംഗീകാരവും ലഭിച്ചിരുന്നു. രണ്ടാംകക്ഷി ശ്രീമതി ഹിമ നായരെ ടി സ്കൂളിലെ എച്ച്.എസ്.റ്റി. (ഗണിതം) ആയിരുന്ന ശ്രീമതി.പി.എൻ.സുഷമാദേവി വിരമിച്ചതുമൂലമുണ്ടായ വേക്കൻസിയിൽ നിയമിക്കുകയും ടി നിയമനത്തിന് ഭിന്നശേഷി സംവരണ നിയമത്തിന് വിധേയമായി താല്ക്കാലികാടിസ്ഥാനത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനാംഗീകാരം ലഭിക്കുകയും ചെയ്തിരുന്നു.

5. ഭിന്നശേഷി സംവരണ നിയമത്തിനായുള്ള റോസ്റ്റർ സമർപ്പിച്ചിട്ടുള്ളതിനാലും ഹൈസ്കൂൾ വിഭാഗത്തിൽ ഭിന്നശേഷി ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുള്ളതിനാലും പ്രൈമറി വിഭാഗത്തിൽ ഭിന്നശേഷി ഉദ്യോഗാർത്ഥിയെ നിയമിക്കുന്നതിനുള്ള ഒഴിവ് നിലനിൽക്കുന്നതിനാൽ ഹർജിക്കാരുടെ നിയമനങ്ങൾക്ക് റഗുലറായി നിയമനാംഗീകാരം നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം.

6. കെ.ആർ.പി.എം. എച്ച്.എസ്. സീതത്തോട് സ്കൂളിൽ 2018-19 വർഷം അനുവദിച്ച സംഗീത അദ്ധ്യാപകരുടെ അധിക തസ്തിക (കാറ്റഗറി II വിഭാഗത്തിൽ) മാനേജർ ഭിന്നശേഷി നിയമനത്തിനായി മാറ്റിവയ്ക്കുകയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഓഫീസിൽ റിക്വിസിഷൻ നൽകുകയും ചെയ്തിട്ടുണ്ട്. ടി തസ്തികയിലേയ്ക്ക് മാനേജർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ശ്രീമതി അഞ്ജലി ജി. എന്ന ഭിന്നശേഷി ഉദ്യോഗാർത്ഥിയെ 03/07/2024 മുതൽ നിയമിക്കുകയുണ്ടായി. ടി സ്കൂളിൽ ഭിന്നശേഷിയെ നിയമിച്ചിട്ടുള്ളത് Locomoter Disabilityവിഭാഗത്തിൽപ്പെട്ട ആളെയാണ്. എന്നാൽ കാഴ്ചപരിമിതർ, ശ്രവണ പരിമിതർ, അംഗ വൈകല്യമുള്ളവർ എന്നീ വിഭാഗങ്ങളെ പരിഗണിച്ചതിന് ശേഷമേ Locomoter Disability പരിഗണിക്കാൻ കഴിയുകയുള്ളൂവെന്നും എന്നാൽ ഈ വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾ ഇല്ലെന്നുള്ള Non Availability Certificate മാനേജർ സമർപ്പിച്ചിട്ടില്ലാത്തതിനാലും 10/09/2024 - ലെ GE-JR1/304/2024/പൊവിവ നമ്പർ സർക്കുലർ പ്രകാരമുള്ള നടപടികൾ ഒന്നും സ്വീകരിച്ചതായി കാണുന്നില്ല എന്നീ കാരണങ്ങളാലുമാണ് ശ്രീമതി.അഞ്ജലി ജി.-യുടെ നിയമനം വിദ്യാഭ്യാസ അധികാരികൾ നിരസിച്ചത്.

7. Persons With Disabilities Act (PwD Act) 1995, സെക്ഷൻ 33 പ്രകാരം കാഴ്ച

പരിമിതർ, ശ്രവണ പരിമിതർ, ചലനശേഷി പരിമിതരും സെറിബ്രൽ പാൾസിയും എന്നീ വിഭാഗങ്ങളിലായി 3% ഭിന്നശേഷിസംവരണം പാലിച്ച് എല്ലാ എസ്റ്റാബ്ലിഷ്മെന്റ്ുകളും നിയമനം നൽകേണ്ടതുണ്ട്. കൂടാതെ പ്രസ്തുത ആക്ടിലെ സെക്ഷൻ 39 പ്രകാരം എല്ലാ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളും, ഗവൺമെന്റിൽ നിന്നും സഹായം ലഭിക്കുന്ന എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും 3 ശതമാനം സീറ്റുകൾ ഭിന്നശേഷിക്കാർക്കായി മാറ്റിവയ്ക്കേണ്ടതായിട്ടുമുണ്ട്. തുടർന്ന് പുറപ്പെടുവിക്കപ്പെട്ട RPwD Act 2016 - ലെ സെക്ഷൻ 34(1) പ്രകാരം ഓരോ ഗ്രൂപ്പ് ഓഫ് തസ്തികകളുടെയും കേഡർ സ്ട്രെങ്ത്തിന്റെ ആകെയുള്ള ഒഴിവുകളിൽ 4 ശതമാനത്തിൽ കുറയാത്ത ഒഴിവുകളിൽ ഭിന്നശേഷിക്കാർക്ക് സംവരണം നൽകി നിയമനം നടത്തേണ്ടതുണ്ട്. ടി ആക്ടിന്റെ സെക്ഷൻ 2(k) പ്രകാരം സർക്കാരിൽ നിന്നും സഹായം ലഭിക്കുന്ന എല്ലാ സ്ഥാപനങ്ങളും ഭിന്നശേഷി സംവരണ വ്യവസ്ഥകളുടെ പരിധിയിൽ വരുന്നു. ടി 4 ശതമാനത്തിൽ താഴെ പറയുന്ന A മുതൽ C വരെ കാറ്റഗറിയിലുള്ളവർക്ക് 1% വും D, E കാറ്റഗറിയിലുള്ള രണ്ട് വിഭാഗക്കാർക്കും കൂടി 1% ഉം സംവരണം ചെയ്തിട്ടുണ്ട്. (ആയതിന് 19/04/2017 മുതൽ പ്രാബല്യമുണ്ട്.)

A. Blindness and low vision.

B. Deaf and Hard of hearing.

C. Loco motor Disabilities including Cerebral palsy, Leprosy cured, dwarfism, acid attack victims and muscular dystrophy.

D. Autism, Intellectual disability, Specific learning disability and mental illness.

E. Multiple disabilities amongst person under clause (A) to (D) including deaf blindness in the posts identified for each disabilities.

8. എയ്ഡഡ് സ്കൂളുകളിൽ മേൽ ക്രമപ്രകാരം തന്നെ ഭിന്നശേഷി നിയമനം നടത്തേണ്ടതാണ്. ജില്ലാ സമിതി മുഖേനയുള്ള നിയമനകൾക്കും പ്രസ്തുത ക്രമം പാലിക്കേണ്ടതാണെന്ന് സർക്കാർ നിർദേശം നൽകിയിട്ടുണ്ട്. ശ്രീമതി അഞ്ജലി ജി.-യുടെ നിയമനം മേൽ ക്രമം അനുസരിച്ച് മാത്രമേ അംഗീകാരം നൽകുവാൻ സാധിക്കുകയുള്ളൂ. 18.02.2026 - ലെ സ.ഉ.(കൈ)നം.31/2026/പൊവിവ ഉത്തരവ് പ്രകാരം വ്യവസ്ഥാപിതമായ തസ്തികകൾ ചട്ട പ്രകാരം ഭിന്നശേഷി നിയമനത്തിന് നീക്കി വെച്ചിട്ടുണ്ടെങ്കിൽ മാനേജ്മെന്റിലെ മറ്റു നിയമനങ്ങൾ ശമ്പള സ്കെയിലിൽ അംഗീകരിക്കാവുന്നതാണ്.

9. മേൽ സാഹചര്യത്തിൽ ശ്രീമതി.അഞ്ജലി ജി.-യുടെ നിയമനം ക്രമപ്രകാരമല്ലാത്തതിനാൽ ആയത് നിരസിച്ചും 18.02.2026 ലെ സ.ഉ.(കൈ)നം.31/2026/പൊ.വി.വ. ഉത്തരവ് പ്രകാരം വ്യവസ്ഥാപിതമായ തസ്തികകൾ ചട്ട പ്രകാരം ഭിന്നശേഷി നിയമനത്തിന് നീക്കി വെച്ചിട്ടുണ്ടെങ്കിൽ ടി മാനേജ്മെന്റിലെ മറ്റു നിയമനങ്ങൾ ശമ്പള സ്കെയിലിൽ അംഗീകരിക്കുന്നതിനും വിദ്യാഭ്യാസ അധികാരികൾക്ക് നിർദ്ദേശം നൽകി

ഉത്തരവ് പുറപ്പെടുവിക്കുന്നു.

10. മേൽപ്രകാരം പരാമർശം (1) - ലെ റിവിഷൻ ഹർജി തീർപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

ശ്രീമതി സിബിൾ സെബാസ്റ്റ്യൻ, എച്ച്.എസ്.റ്റി. (ഫിസിക്കൽ സയൻസ്) കെ.ആർ.പി.എം. ഹയർ സെക്കൻഡറി സ്കൂൾ സീതത്തോട്, പത്തനംതിട്ട-689667.
ശ്രീമതി ഹിമാ നായർ, എച്ച്.എസ്.റ്റി. (ഗണിതം) കെ.ആർ.പി.എം. ഹയർ സെക്കൻഡറി സ്കൂൾ സീതത്തോട്, പത്തനംതിട്ട-689667.
മാനേജർ, കെ.ആർ.പി.എം. ഹയർ സെക്കൻഡറി സ്കൂൾ, സീതത്തോട്, പത്തനംതിട്ട-689667.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം - 695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവല്ല, പത്തനംതിട്ട.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പത്തനംതിട്ട.
പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (03.07.2026 ലെ ജെ.എ.3/148/2026-പൊ.വി.വ. പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ (എ2/52/2025-പൊ.വി.വ.).

ഉത്തരവിൻ പ്രകാരം
Digitally signed by
Aji Kumar R
Date: 28-07-2026
11:07:59
സെക്ഷൻ ഓഫീസർ